COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1120

Wednesday, the *8th August 1945*
24th Karkadagam 1120

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir George Boag K.C.I.E., C.S.I.), in the Chair.

Messrs. V. K. Aravindaksha Menon and L. M. Pylee were absent.

QUESTIONS AND ANSWERS

AYURVEDA HOSPITALS IN THE STATE

129. മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചി രാജ്യത്തെ ഗവർമ്മെണ്ടുവക ആയുർവ്വേദ വൈദ്യശാലകൾ എത്ര യുണ്ട്;

(ബി) ജനബാഹുല്യമുള്ള മട്ടാഞ്ചേരിയിൽ ഇതേവരെ ഒരു വൈദ്യശാല തുറക്കാത്തതു് എന്തുകൊണ്ടു്;

(സി) അടുത്തുതന്നെ അങ്ങിനെ ചെയ്യുവാൻ ഉദ്ദേശമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൩ ൪ വൈദ്യശാലകൾ.

(ബി) & (സി) വൈദ്യശാലയൊ ആതുരപുത്രിയൊ താമസിയാതെ തുടങ്ങുന്നതിനു ആലോചിക്കുന്നതാണു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: "താമസിയാതെ തുടങ്ങുന്നതിനു് ആലോചിക്കുന്നതാണു്" എന്നു പറഞ്ഞിട്ടുണ്ടു്. ഇതുവരെ ആലോചിച്ചിട്ടില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിച്ചിട്ടുണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: വൈദ്യസഹായം തീരെ ഇല്ലാത്ത ദിക്കുകൾ ഏതെല്ലാമാണെന്നന്വേഷിച്ചു് ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ വൈദ്യശാലകൾ സ്ഥാപിച്ചു കൊടുക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വരുന്ന കൊല്ലത്തിൽ ൪ വൈദ്യശാലകൾ കൂടുതലായി സ്ഥാപിക്കുന്നുണ്ടു്. ഇതിനുമുമ്പു് ചെയ്തിട്ടുള്ളതുപോലെ ഇതും സ്ഥാപിക്കാം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇതിനുമുമ്പു ചെയ്തിട്ടുള്ളതുപോലെയല്ലാതെ ആവശ്യമുള്ള ദിക്കുകളിൽ സ്ഥാപിച്ചുകൊടുക്കാമൊ എന്നാണു് ചോദിക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു ചെയ്യാം.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ൬൪-ൽ എങ്കിലും മട്ടാഞ്ചേരിയിൽ ഒരു വൈദ്യശാല തുടങ്ങാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൬൪-ൽ തുടങ്ങേണ്ട കാര്യത്തെപ്പറ്റി ഇപ്പോൾ എങ്ങിനെയാണു് തീർച്ചപറയുക.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: അതു് തൃവത്സരപദ്ധതിയിൽ പെടുത്തരുതു്. മുന്നു കൊല്ലത്തിൽ എപ്പോഴെങ്കിലും ചെയ്താൽപോരാ എന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: മട്ടാഞ്ചേരിയിൽ ആണു് അധികം അത്യാവശ്യമെന്നു മെമ്പർ പറയുന്നുണ്ടു്. ഏതെല്ലാം സ്ഥലങ്ങളിലാണു് അത്യാവശ്യമെന്നു് അന്വേഷണം നടത്തി അത്യാവശ്യമുള്ള സ്ഥലങ്ങളിൽ വൈദ്യശാല സ്ഥാപിക്കുന്നതാണു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഇതു് ഗവർമ്മെണ്ടിനു ലാഭം കിട്ടുന്ന ഒരു ഏർപ്പാടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതു് ലാഭത്തിനുവേണ്ടിയുള്ളതല്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: അതുംകൂടി ഉണ്ടെന്നു ഗവമ്മെണ്ടിനു അറിഞ്ഞ കൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിഗ്: ഇതിനുമുമ്പു ചെയ്യുമാതിരി അനേഷിച്ചു് ചെയ്യു മെന്നു പറഞ്ഞുവല്ലൊ. ഇതിനുമുമ്പു് ചെയ്തിട്ടുള്ളതിൽ വല്ല വീഴ്ചയും ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വീഴ്ചയുണ്ടെങ്കിൽ അതിനെപ്പറ്റി കൺസിഡർചെയ്യാം

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: മട്ടാഞ്ചേരിയിൽ തുടങ്ങേണ്ടതിനെപ്പറ്റി പ്രത്യേകം ആലോചിക്കാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്: ഇതിൽനിന്നു ഡിപ്പാർട്ട്മെണ്ടിനു ആദായമില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡിപ്പാർട്ട്മെണ്ടിനു ആദായമൊന്നുമില്ല.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഇപ്പോഴുള്ള വൈദ്യശാലകളിൽ ഏതിലെങ്കിലു വൈദ്യന്മാരില്ലെന്നുള്ള വല്ല ആക്ഷേപങ്ങളും ഗവമ്മെണ്ടിനു കിട്ടീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: വൈദ്യശാലകളിലെല്ലാം മരുന്നുകൾ ആവശ്യ പോലെ എത്തിച്ചുകൊടുക്കുവാൻവേണ്ട ഏർപ്പാടചെയ്യാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. കൊടുക്കുന്നതു മതിയാകുന്നില്ലെന്നു കണ്ടാൽ വേണ്ടതു ചെയ്യാം.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: മരുന്നുകൾ കിട്ടുന്നില്ലാത്ത വൈദ്യശാലകൾക്കു മരുന്നു കൊടുക്കുവാൻ ഏർപ്പാടചെയ്യുമൊ? ആയുർവ്വേദ വൈദ്യശാലകളെല്ലാം രോഗികൾക്കു പയോഗിക്കത്തക്ക രീതിയിൽ ആക്കാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങനെയല്ലെന്നുള്ള കംപ്ലേയിൻറ്സ് ഒന്നും കിട്ടിയിട്ടില്ല.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: കംപ്ലേയിൻറുണ്ടെങ്കിൽ അതിനെപ്പറ്റി അനേഷിക്കാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അനേഷിക്കാം.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: ഏതെങ്കിലും വൈദ്യശാലകളിൽ മോശമായ മരുന്നുകൾ കൊടുത്തുവരുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിവില്ല.

മിസ്റ്റർ എം. ഐ. പോൾ: ഈ നമ്പർ വൈദ്യശാലകൾ എത്രകൊല്ലംകൊണ്ടാണു് നടന്നിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്സിസ്സ് ടി ഫ്രാൻസിസ്സ്: ഈ മരുന്നുകളെല്ലാം സ്റ്റാൻറ്ഡൈസു് ചെയ്യുന്നതിനുള്ള ഏർപ്പാടു ചെയ്യാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആയുർപത്രികളിൽതന്നെയാണു് മരുന്നുകൾ ഉണ്ടാക്കുന്നതു്?

മിസ്റ്റർ എം. ഐ. പോൾ: കൊച്ചിരാജ്യത്തു് എവിടെയെങ്കിലും ഒരു വൈദ്യശാല തുടങ്ങണമെങ്കിൽ അതിനു എത്രകൊല്ലത്തെ താമസം വേണ്ടിവരും.

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ എം. ഐ. പോൾ: ആലോചന എത്രകാലം നീണ്ടുനില്ക്കും?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് വിഷയത്തിൻറെ ഗൌരവമനുസരിച്ചിരിക്കും.

മിസ്റ്റർ പി. നാരായണമേനോൻ: വൈദ്യശാലകളിൽ ആരുടെ മേൽനോട്ടത്തിലാണു് മരുന്നുകൾ ഉണ്ടാക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: വൈദ്യശാലകളിലെ വൈദ്യന്മാരുടെ മേൽനോട്ടത്തിൽതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: ഗവൺമെണ്ടുദ്യോഗം ഇല്ലാത്തവരെ വൈദ്യശാലകളിൽ നിയമിക്കാവുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവൺമെണ്ടിൽനിന്നും നോമിനേറ ചെയ്യിട്ടുള്ള വൈദ്യന്മാരുണ്ട്.

മിസ്റ്റർ തേവണ്ണകവുണ്ടൻ: ചിറവൂർ താലൂക്കിൽ എത്ര വൈദ്യശാലകളുണ്ട് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു ആശുപത്രിയും 2 വൈദ്യശാലകളുമുണ്ട്.

മിസ്റ്റർ തേവണ്ണകവുണ്ടൻ: നോമിനേറചെയ്ത വൈദ്യന്മാർ എത്രയുണ്ട് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സുവേണം.

മിസ്റ്റർ പാറമൽ ഐപ്പ്. ഐപ്പ് ജനസംഖ്യയുടെ തോതനുസരിച്ചാണൊ വൈദ്യശാലകൾ സ്ഥാപിക്കാറ് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജനസംഖ്യയും ആവശ്യവും നോക്കും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എല്ലാ വില്ലേജുകളിലും ഓരോ ആശുപത്രി സ്ഥാപിക്കുവാൻ മന്ത്രിയവർകൾ ഉദ്ദേശമായി ആലോചിക്കുമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പെട്ടെന്നു നടക്കുന്ന കാര്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ജനസംഖ്യയനുസരിച്ചു നോക്കുമ്പോൾ മട്ടാഞ്ചേരിയിൽ സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണെന്നു തോന്നുന്നുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എറണാകുളവും മട്ടാഞ്ചേരിയുമൊക്കെ വളരെ അടുത്താണ്. അതുകൊണ്ടു് ഇവിടെ വന്നു പോകാൻ സൌകര്യമുണ്ട്. ജനസംഖ്യയുംകൂടി നോക്കിയാണു് ചെയ്യാറ്.

മിസ്റ്റർ പി. നാരായണമേനോൻ: വൈദ്യശാലകളിൽ കൊടുക്കുന്ന മരുന്നു ചീത്തയായിട്ടുള്ളതാണെന്നു എപ്പോഴെങ്കിലും റിപ്പോർട്ട് കിട്ടീട്ടുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കംപ്ലേയിൻറ കിട്ടീട്ടില്ല. കിട്ടുമ്പോൾ പോയി അന്വേഷിക്കാറുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്: മട്ടാഞ്ചേരിയിൽ കഴിയുന്ന വേഗത്തിൽ വൈദ്യശാല സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വൈദ്യശാലകൾവഴിക്കു മരുന്നുകൾ കിട്ടുന്നുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡെപ്പോവഴിക്കാണ്.

മിസ്റ്റർ എം. ഐ. പോൾ: സകല വൈദ്യശാലകൾക്കും ഗവൺമെണ്ടിൽനിന്നു് സ്റ്റെഫൻറൊ വൈദ്യസഹായമൊ ചെയ്തുകൊടുക്കുമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എല്ലാ വൈദ്യശാലകൾക്കും സ്റ്റെഫൻറ് കൊടുക്കുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: എന്തെങ്കിലും സഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ ഇല്ല.

മിസ്റ്റർ പി.നാരായണമേനോൻ: ആവലാതിയില്ല എന്നു പറഞ്ഞു, വൈദ്യശാലകളുടെ പരിശോധനക്കായിട്ടു് നിയമിച്ച ഉദ്യോഗസ്ഥനിൽനിന്നു മരുന്നുകൾ ഉപയോഗിക്കുവാൻ കൊള്ളുകയില്ലെന്നു വല്ല റിപ്പോർട്ടും കിട്ടീട്ടുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വൈദ്യശാലകളെ അനുബന്ധിച്ചു മരുന്നു വില്ക്കുന്ന ഏർപ്പാടു ചെയ്യുമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പലയിടത്തും ഇപ്പോൾ മരുന്നു വില്ക്കുന്ന നടത്തുന്നുണ്ട് ? അതുകൊണ്ടു് വേണ്ടിവന്നാൽ ചെയ്യാം. ഡെപ്പോമുഖാന്തിരം മരുന്നു കൊടുക്കുകയാണു് നല്ലതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഓരോ വൈദ്യശാലയിലും ഓരോ ഡെപ്പോ ഏർപ്പെടുത്താമൊ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് വളരെ പ്രയാസമാണു്. കഴിയുന്നേടത്തോളം നോക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വൈദ്യശാലകളിൽ ഓണററി വിസിറ്റേഴ്സ് ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: രജിസ്റ്റർ സൂക്ഷിക്കാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വൈദ്യശാലകളിൽ രജിസ്റ്റർ സൂക്ഷിക്കാറുണ്ടൊ എന്നാണു് ചോദിക്കുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

AYURVEDIC HOSPITAL—ARAKUNNAM

130. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടിൽനിന്നു ദയവായി മറുപടി പറയുമോ.—

(എ) ആരക്കുന്നത്തു ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിലേക്കു ഗവർമ്മെണ്ടിലേക്കു വല്ല അപേക്ഷയും സിദ്ധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവർമ്മെണ്ടിൽനിന്നു എന്തു പ്രവർത്തിച്ചു;

(സി) അവിടെ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കാമെന്നു ഗവർമ്മെണ്ടു വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടു് അതു് ഇതുവരെ നടപ്പിൽ വരുത്തീട്ടില്ല?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വു്.

(ബി) അതിനെപ്പറ്റി ഫ ഫ ഫ ഫ-ൽ ആദ്യം ആലോചിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസർ പി. മാണി: ഫ ഫ ഫ-ൽ ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് എന്താണു?

മിസർ പറമ്പി ലോനപ്പൻ: ആ കൊല്ലത്തിൽതന്നെ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലൊ.

മിസർ പി. മാണി: എന്നാണു് ആ വാഗ്ദാനം നൽകിയതു് എന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ പറയുവാൻ കഴിയുന്ന പ്രയാസമുണ്ടു്.

മിസ്റ്റർ പി. മാണി: ഫ ഫ ഫ-ലേക്കു മാറ്റിവെക്കുവാനുണ്ടായ കാരണമെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ ഫ-ൽ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് മാറ്റിവെക്കുവാൻ കാരണം.

മിസ്റ്റർ പി. മാണി: ഫ ഫ ഫ ഫ-ൽ കൊടുക്കാമെന്നാണോ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. കൊടുക്കണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: വൈദ്യശാലകൾ സ്ഥാപിക്കുന്നതിനു് വല്ല പ്രോഗ്രാമും ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രോഗ്രാമൊന്നുമുണ്ടാക്കീട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പ്രോഗ്രാമൊന്നുമില്ലെങ്കിൽ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ആദ്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് ആദ്യം ചെയ്യാമെന്നുദ്ദേശിച്ചിട്ടാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ ഫ-ൽ ആദ്യം ആലോചിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. അഞ്ചു വൈദ്യശാലകൾ തുടങ്ങുന്നുണ്ടു്. ഒന്നു ഈ സ്ഥലത്തു കൊടുക്കാമെന്നാണു് വിചാരം.

LIBRARY ARCHIVES Kerala Legislative Assembly